**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.302 — 30.01.2014 ന് മറുപടിയ്ക്ക്

**വനം കൊള്ളക്കാരെ നേരിടുന്നതിന് പരിശീലനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ആയുധധാരികളായ വനം കൊള്ളക്കാരെ നേരിടുന്നതിന് വനം വകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) ആയുധധാരികളായ വനം കൊള്ളക്കാരെ നേരിടുന്നതിന് നിലവിൽ 109 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ വിന്യസിപ്പിച്ച് പ്രവർത്തിച്ച് വരുന്നു. ഒരു ഡെപ്യൂട്ടി റെയിഞ്ചറുടെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ഫോറസ്റ്റ് സ്റ്റേഷനുകളിലും ശരാശരി 4 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 8 ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 13 ജീവനക്കാർ പ്രവർത്തിച്ചു വരുന്നു. ഫോറസ്റ്റ് സ്റ്റേഷൻ നിലവിൽ ഇല്ലാതിരിക്കുന്ന സ്ഥലങ്ങളിൽ ഓരോ റെയിഞ്ചിനും കീഴിൽ 3 മുതൽ അഞ്ചുവരെ സെക്ഷനുകളും, സെക്ഷനുകളുടെ കീഴിൽ ബീറ്റുകളും നിലവിലുണ്ട്. ആയുധധാരികളായ കൊള്ളക്കാരെ നേരിടുന്നതിന് ജീവനക്കാർക്ക് റൈഫിൾ, പിസ്റ്റൾ, റിവോൾവർ തുടങ്ങിയ ആയുധങ്ങളും, ആധുനിക ജി.പി.എസ്സും, ആശയ വിനിമയത്തിന് വയർലസ് തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ഓരോ ഫോറസ്റ്റ് സ്റ്റേഷനുകളിലും ഇത് കൂടാതെ വാഹനങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ആധുനിക ആയുധങ്ങളാണ് വനം വകുപ്പിന് സ്വന്തമായുള്ളത് ; | (ബി) വനം വകുപ്പിന് റിവോൾവർ, പിസ്റ്റൾ, റൈഫിൾ എന്നിവ കൈവശമുണ്ട്. ഇത് കൂടാതെ കൂടുതൽ റിവോൾവർ/റൈഫിൾസ് എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) വനം വകുപ്പ് ജീവനക്കാർക്ക് പ്രസ്തുത ആയുധങ്ങൾ ഉപയോഗിക്കുന്നതിന് ട്രെയിനിംഗ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ? | (സി) ഉണ്ട്. കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്ന ഒരു വർഷത്തെ ട്രെയിനിംഗിന്റെ ഭാഗമായി, പോലീസ് വകുപ്പുമായി സഹകരിച്ച് പോലീസ് അക്കാഡമിയിൽ മൂന്ന് മാസത്തെ പരിശീലനം ഇവർക്ക് |

നൽകുന്നുണ്ട്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഇതേ പരിശീലനം ലഭിച്ചവരാണ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് ഇന്ത്യയിലെ വിവിധ സ്റ്റേറ്റ്, ഫോറസ്റ്റ് സർവ്വീസ് റെയിഞ്ചേഴ്സ് കോളേജുകളിൽ വച്ച് ഇത്തരം പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.